**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3118** **25-06-2024 - ൽ മറുപടിയ്ക്ക്**

**മഹാകവി മോയിൻ കുട്ടി വൈദ്യർ സ്മാരക മാപ്പിള കലാ അക്കാഡമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിള കലാ അക്കാഡമിക്ക് 2023-24 സാമ്പത്തിക വർഷത്തിൽ നോൺ ഗ്രാന്റ് ഇനത്തിൽ എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ; | (എ) | 2023-24 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷത്തിൽ നോൺ ഗ്രാന്റിൽ നിന്നും എത്ര തുക എത്ര തവണകളായി നൽകിയെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ഇനത്തിൽ 29.5 ലക്ഷം രൂപയും 2022-23 സാമ്പത്തിക വർഷത്തെ നാലാം ഗഡു തുകയായി അനുവദിച്ചതും തൻ വർഷം മാറി നൽകാതെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചതുമായ 7.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 37 ലക്ഷം രൂപ 5 ഗഡുക്കളായി സ്ഥാപനത്തിന് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | അക്കാഡമിക്ക് 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സാംസ്കാരിക കാര്യ (എ) വകുപ്പിൽ നിന്നും തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഉണ്ട്. പകർപ്പുകൾ അനുബന്ധം I, II, III, & IV ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത തുക ഇതുവരെ അക്കാഡമിക് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | ശീർഷകത്തിൽ നീക്കിയിരിപ്പ് ഇല്ലാത്തതിനാലും ബജറ്റ് വിഹിതത്തേക്കാൾ കൂടുതൽ തുക അനുവദിച്ചതിനാലും ട്രഷറി നിയന്ത്രണം കാരണവും പദ്ധതിയേതരയിനത്തിലെ 17.25 ലക്ഷം രൂപയും 10 ലക്ഷം രൂപയും റിലീസ് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. |
| (ഇ) | മാപ്പിള കലാ അക്കാഡമിക്ക് മുമ്പ് ലഭിച്ചതിൽ നിന്ന് ബജറ്റ് വീതം കുറയുകയും അനുവദിച്ച വിഹിതം തന്നെ മുഴുവൻ നൽകാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് അക്കാഡമിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | എങ്കിൽ 2023-24 വർഷത്തെ ബാക്കി തുക കൂടി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

A1/129/2023-CLAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയ്ക്ക് 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് നാലാം ഗഡു അനുവദിച്ചുത്തരവാകുന്നു.

---

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.61/2024/CLAD തീയതി,തിരുവനന്തപുരം, 05-02-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.277/2023/സാം.കാ.വ തീയതി 02.06.2023
2. സ.ഉ.(സാധാ)നം.386/2023/സാം.കാ.വ തീയതി 31.07.2023
3. സ.ഉ.(സാധാ)നം.561/2023/സാം.കാ.വ തീയതി 25.10.2023
4. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി സെക്രട്ടറിയുടെ 18.12.2023 തീയതിയിലെ എം.കെ.എ/451/എ34/2023 നമ്പർ കത്ത്.

ഉത്തരവ്

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയ്ക്ക് 2023-24 സാമ്പത്തികവർഷം പദ്ധതിയേതരയിനത്തിൽ 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമൃഷ്ട ഉത്തരവുകൾ പ്രകാരം മൂന്ന് ഗഡുക്കളായി 26,50,000/-രൂപ (ഇരുപത്തിയാറ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചുത്തരവായിരുന്നു. പരാമൃഷ്ട കത്ത് പ്രകാരം നാലാം ഗഡു അനുവദിക്കുന്നതിന് അക്കാദമി സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയ്ക്ക് 2023-24 സാമ്പത്തികവർഷം "2205-00-102-63-36 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 3,00,000 /- (മൂന്ന് ലക്ഷം രൂപ മാത്രം) നാലാം ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി സെക്രട്ടറി, സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും ടി തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, കൊണ്ടോട്ടി, മലപ്പുറം

ഡയറക്ടർ, സാസ്കാരിക വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ വകുപ്പ് (E 2442627 EDN-C3/120/2023-FIN dated 29.01.2024)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sabu T K
Date: 05-02-2024 15:45:17
സെക്ഷൻ ഓഫീസർ

അനുബന്ധം II

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് അഞ്ചാം ഗഡു അനുവദിച്ച് ഉത്തരവാകുന്നു.

---

**സാംസ്കാരിക കാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.186/2024/CLAD തീയതി,തിരുവനന്തപുരം, 25-03-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 277/2023/സാം.കാ.വ തീയതി 02.06.2023
2. സ.ഉ.(സാധാ) നം. 386/2023/സാം.കാ.വ തീയതി 31.07.2023
3. സ.ഉ.(സാധാ) നം.561/2023/സാം.കാ.വ തീയതി 25.10.2023
4. സ.ഉ.(സാധാ) നം. 61/2024/സാം.കാ.വ തീയതി 05.02.2024
5. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി സെക്രട്ടറിയുടെ 20.02.2024 തീയതിയിലെ എം.കെ.എ/586/എ34/2023 നമ്പർ കത്ത്

**ഉത്തരവ്**

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് 2023-24 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമൃഷ്ട ഉത്തരവുകൾ പ്രകാരം നാല് ഗഡുക്കളായി 29,50,000/- (ഇരുപത്തിയൊൻപത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചുത്തരവായിരുന്നു. പരാമൃഷ്ട കത്ത് പ്രകാരം അഞ്ചാം ഗഡു അനുവദിക്കുന്നതിന് അക്കാദമി സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് 2023-24 സാമ്പത്തിക വർഷം 2205- 00-102- 63-36 (നോൺ പ്ലാൻ ) എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അഞ്ചാം ഗഡുവായി 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം ) രൂപ അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി സെക്രട്ടറി, സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും ടി തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിനും സാംസകാരിക വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷിണി തങ്കച്ചി പി

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി
ഡയറക്ടർ, സാംസ്കാരിക വകുപ്പ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫിസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫിസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി. ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫിസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 2442627) EDN-C3/120/2023-FIN dated 22.03.2024
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
Date: 25-03-2024 11:40:37
സെക്ഷൻ ഓഫീസർ

അനുബന്ധം III

A1/148/2023-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും രണ്ടാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.74/2024/CLAD തീയതി,തിരുവനന്തപുരം, 12-02-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം.250/2023/സാം.കാ.വ തീയതി 20.05.2023
2. സ.ഉ.(സാധാ) നം.330/2023/സാം.കാ.വ തീയതി 03.07.2023
3. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി സെക്രട്ടറിയുടെ 18.12.2023 തീയതിയിലെ എം.കെ.എ/എ35/456/2023 നമ്പർ കത്ത്.

**ഉത്തരവ്**

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയ്ക്ക് 2023-24 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി "2205-00-102-63-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പരാമർശം (1) ഉത്തരവ് പ്രകാരം, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ 2023-24 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ് 15,00,000/- രൂപയായി നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പദ്ധതി വിഹിതത്തിൽ നിന്നും പരാമർശം (2) ഉത്തരവ് പ്രകാരം മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയ്ക്ക് 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) ഒന്നാം ഗഡുവായി അനുവദിച്ചുത്തരവായിരുന്നു. പരാമർശം (3) കത്ത് പ്രകാരം രണ്ടാം ഗഡു അനുവദിക്കണമെന്ന് അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള ഘടകങ്ങൾക്ക് മാത്രമേ തുക വിനിയോഗിക്കാവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി, മഹാകവി

മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയ്ക്ക് 2023-24 സാമ്പത്തിക വർഷം "2205-00-102-63-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) രണ്ടാം ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി സെക്രട്ടറി, സാംസ്കാരികവകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും, പ്രസ്തുത തുക സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് 3 മാസത്തിനകം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരികവകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി,

കൊണ്ടോട്ടി, മലപ്പുറം

ഡയറക്ടർ, സാംസ്കാരികവകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി ഒ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യവകുപ്പ് (E 2472526) EDN-C3/174/2023-FIN dated 01.02.2024)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 12-02-2024 14:16:58
സെക്ഷൻ ഓഫീസർ

അനുബന്ധം IV

A1/183/2023-CLAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ് - മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയ്ക്ക് ദശവാർഷികാചരണം നടത്തുന്നതിന് വാർഷികഗ്രാന്റിനത്തിൽ തുക അനുവദിച്ചുത്തരവാകുന്നു.

---

സാംസ്കാരികകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.100/2024/CLAD　　　　തീയതി,തിരുവനന്തപുരം, 26-02-2024

---

പരാമർശം:- 1.മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി സെക്രട്ടറിയുടെ 19.06.2023 തീയതിയിലെ എം.കെ.എ/എ39/95/2023 നമ്പർ അപേക്ഷ.

2.സാംസ്കാരികവകുപ്പ് ഡയറക്ടറുടെ 02.09.2023 ലെ എ2-1202/23/സാം. വ. നം കത്ത്

<u>ഉത്തരവ്</u>

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയ്ക്ക് 2023-24 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 50,00,000/- രൂപ (അൻപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ദശവാർഷികാചരണം നടത്തുന്നതിന് സ്പെഷൽ ഗ്രാന്റ് അനുവദിക്കുന്നതിന് അക്കാദമി സെക്രട്ടറി പരാമൃഷ്ട (1) കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയ്ക്ക് വാർഷികഗ്രാന്റിനത്തിൽ 2023-24 സാമ്പത്തിക വർഷം 2205-00-102-63-36 (നോൺ പ്ലാൻ) ശീർഷകത്തിൽ ലഭ്യമായ 17,25,000/- രൂപ(പതിനേഴ് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) യിൽ നിജപ്പെടുത്തി വാർഷിക ആഘോഷങ്ങൾ സംഘടിപ്പിക്കാൻ ഈ സാമ്പത്തികവർഷത്തിൽ ആവശ്യമായ തുക ഉപയുക്തമാക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി സെക്രട്ടറി, സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും ടി തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, കൊണ്ടോട്ടി, മലപ്പുറം

ഡയറക്ടർ, സാസ്കാരിക വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ വകുപ്പ് (E 2442627 EDN-C3/120/2023-FIN dated 04.01.2024)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 26-02-2024 15:05:43